ആയതിനാൽ സി.ബി.ഐ. തുടങ്ങിയ മറ്റൊരു ഏജൻസി അന്വേഷിക്കേണ്ടതില്ലെന്ന് കാണിച്ച് പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ക്രൈംസ്) സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സൈബർ കുറ്റകൃത്യങ്ങൾ

46 [3742] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോയിലെ സൈബർ പോലീസ് സ്റ്റേഷനിൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇവിടെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിന്ന് നിയമനം നൽകിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

(ഡി) സൈബർ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥന്മാർക്ക് സർക്കാർ തലത്തിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോയിൽ സ്ഥാപിച്ചിട്ടുള്ള സൈബർ പോലീസ് സ്റ്റേഷൻ പൂർണ്ണമായ രീതിയിൽ പ്രവർത്തനം തുടങ്ങിയിട്ടില്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട് കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) & (ഡി) സൈബർ പോലീസ് സ്റ്റേഷനിൽ ഇതുവരെ ആരെയും നിയമിച്ചിട്ടില്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാരകായുധങ്ങൾ

47 [3743] *ശ്രീ. ജോർജ് ജെ. മാത്യു:*

,, ഇ. എം. അഗസ്തി:

,, വി. ജെ. പൗലോസ്:

പ്രൊഫ. കെ. വി. തോമസ്:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ 2 വർഷത്തിനുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാരകായുധങ്ങളും സ്ഫോടക വസ്തുക്കളും കല്ല് മുതലായവയും സംഭരിച്ചുവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇത്തരം സാധനങ്ങൾ സ്വരൂപിച്ചതായി കണ്ടെത്തി; ഇതിനെതിരെ എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തടവുചാടിയ പ്രതികൾ

48 [3744] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റിമാന്റിൽ കഴിയുന്ന എത്ര പ്രതികൾ തടവുചാടി പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പേരെ വീണ്ടും പിടികൂടിയിട്ടുണ്ട്;

(സി) എത്രപേരെ പിടികിട്ടാനുണ്ട്; ഇവരുടെ പേരുകൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റിമാന്റിൽ കഴിയുന്ന പതിനൊന്നു പ്രതികൾ തടവുചാടി പോയിട്ടുണ്ട്.

(ബി) ഇതിൽ ആരെയും തിരികെ പിടികൂടിയിട്ടില്ല.

(സി) പിടികിട്ടാനുള്ള 11 പേരുടെ പേരുവിവരം ചുവടെ കുറിക്കുന്നു.

1.	ആർ.പി. നമ്പർ 6393	ചന്ദ്രൻ	സെൻട്രൽ പ്രിസൺ, വിയ്യൂർ
2.	ആർ.പി. നമ്പർ 7695	അംബു	സബ്ജയിൽ, ആലുവ
3.	ആർ.പി. നമ്പർ 7575	മണികണ്ഠൻ	സബ്ജയിൽ, ഒറ്റപ്പാലം
4.	ആർ.പി. നമ്പർ 3640	നന്ദനൻ, S/o. നാരായണൻ	സബ്ജയിൽ, എറണാകുളം
5.	ആർ.പി. നമ്പർ	ജബ്ബാർ S/o. ഹമീദ്	സബ്ജയിൽ, എറണാകുളം
6.	ആർ.പി. നമ്പർ 3499	വാസു	ജില്ലാ ജയിൽ, കോഴിക്കോട്
7.	ആർ.പി. നമ്പർ 7646	നാരായണൻ മകൻ ഉദയൻ	സ്പെഷ്യൽ സബ്ജയിൽ, പാലക്കാട്
8.	ആർ.പി. നമ്പർ 6846	സതീഷ് ബാബു	സബ്ജയിൽ, ഇരിങ്ങാലക്കുട
9.	ആർ.പി. നമ്പർ 6714	മുരുകൻ	സബ്ജയിൽ, എറണാകുളം
10.	ആർ.പി. നമ്പർ 39	ദേവദാസൻ	സെൻട്രൽ പ്രിസൺ, കണ്ണൂർ
11.	ആർ.പി. നമ്പർ 5428	റിയാസ്	സബ്ജയിൽ, വടകര

LIBRARY ARCHIVES Kerala Legislative Assembly